(ഡി) നെൽപാടങ്ങൾ നികത്തുന്നത് തടയാൻ എന്തെങ്കിലും പുതിയ നിയമങ്ങൾ കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) അനധികൃതമായി നികത്തിയ നെൽപാടങ്ങളുടെ കാര്യത്തിൽ സർക്കാർ എന്തു നടപടിയാണ് സ്വീകരിക്കാറുള്ളത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഓരോ വർഷവും വന്ന കുറവിന്റെ കണക്ക് ലഭ്യമല്ല. ആകെ 35843.32 ഹെക്ടർ നെൽപാടങ്ങൾ കഴിഞ്ഞ 5 വർഷക്കാലത്ത് സംസ്ഥാനത്ത് കുറവ് വന്നിട്ടുണ്ട്.

(ബി) സ്വന്തമായി വേറെ കരഭൂമി ഇല്ലാത്തവർക്ക് വീട് വയ്ക്കുന്നതിനായി അയൽ കൃഷിക്കാർക്കും താമസക്കാർക്കും ദോഷം വരാത്തവിധത്തിലും ജലനിർഗമന മാർഗ്ഗങ്ങൾ തടസ്സപ്പെടാത്തവിധത്തിലും 5 സെന്റ് മാത്രം നിലം നികത്തുന്നതിന് അനുമതി നൽകാമെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ വിസ്തൃതമായ നെൽകൃഷി സ്ഥലങ്ങൾ തുണ്ടുതുണ്ടാക്കി നികത്താൻ ഈ ഉത്തരവിന്റെ ആനുകൂല്യം ഉപയോഗിക്കരുതെന്ന് നിഷ്കർഷയുണ്ട്.

(സി) അനധികൃത നിലം നികത്തലിന്റെ വ്യാപ്തിയും ഗൗരവവും പഠിക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും ലാൻഡ് യൂസ് കമ്മീഷണർ ചെയർമാനായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് നെൽപാടങ്ങൾ അനധികൃതമായി നികത്തുന്നത് തടയാൻ 1967-ലെ കേരള ഭൂവിനിയോഗ നിയമം നിലവിലുണ്ട്.

(ഇ) 1967-ലെ കേരള ഭൂവിനിയോഗ നിയമപ്രകാരം അനധികൃതമായി നികത്തിയ നെൽപാടങ്ങളുടെ ഉടമകളുടെ പേരിൽ ക്ലോസ് (7) അനുസരിച്ച് അതാതു ജില്ലാ റവന്യൂ അധികാരികൾ നോട്ടീസ് നൽകി കൃഷിഭൂമി പൂർവ്വസ്ഥിതിയിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തരിശായി കിടക്കുന്ന കൃഷിഭൂമി

55 [2918] ശ്രീ. ഷിബു ബേബി ജോൺ:

,, ജോണി നെല്ലൂർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിയിടങ്ങൾ ആവശ്യമായ തൊഴിലാളികളെ ലഭിക്കാത്തതിനാൽ തരിശ് കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ യഥാസമയം കൃഷി നടത്തുവാൻ ആവശ്യമായ തൊഴിലാളികളെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ ധാന്യ കൃഷികൾ ചെയ്തുകൊണ്ടിരിക്കുന്ന വയലുകളിൽ മറ്റ് നാണ്യവിളകൾ ചെയ്യുവാൻ അനുമതി നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതുമൂലം ഉണ്ടാകുന്ന ഭക്ഷ്യധാന്യങ്ങളുടെ കുറവ് എങ്ങനെ പരിഹരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൊഴിലാളികളുടെ ദൗർലഭ്യം നേരിടുന്ന പ്രദേശത്ത് യന്ത്രവൽക്കരണ നടപടികൾ സ്വീകരിക്കുകയും പോരാത്ത തൊഴിലാളികളെ ട്രെയിൻ ചെയ്യാൻ നോക്കുന്നതുമാണ്.

(സി) ഈ നിർദ്ദേശം സ്വീകരിക്കാൻ നിവർത്തിയില്ല.

(ഡി) ഭക്ഷ്യധാന്യങ്ങളുടെ കുറവ് ഉണ്ടാകാതിരിക്കുന്നതിനുവേണ്ടിയാണ് ധാന്യകൃഷികൾ ചെയ്തുകൊണ്ടിരിക്കുന്ന വയലുകൾ മറ്റു കൃഷികൾ ചെയ്യുവാൻ അനുമതി നൽകാത്തത്.

ദേശീയ വിള ഇൻഷ്വറൻസ് പദ്ധതി

56 [2919] ശ്രീ. അടൂർ പ്രകാശ്:
,, എ. സുജനപാൽ:
,, വി. ഡി. സതീശൻ:
,, ടി. വി. ചന്ദ്രമോഹൻ:
,, ടി. എൻ. പ്രതാപൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വിള ഇൻഷ്വറൻസ് പദ്ധതി നിലവിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ്;

(സി) ഇത് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) ഈ പദ്ധതിപ്രകാരം ഏതെല്ലാം കൃഷികൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ കിട്ടുന്നത്;

(ഇ) ഈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ ഇതിന്റെ ആനുകൂല്യം എത്ര പേർക്ക് കിട്ടുന്നുണ്ട്;

(എഫ്) ഇതിന്റെ പ്രീമിയം അടയ്ക്കുന്നത് സംബന്ധിച്ച കാര്യങ്ങളുടെയും ഇതിൽനിന്നു ലഭിക്കുന്ന ആനുകൂല്യങ്ങളുടെയും വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1999-2000, റാബി 1 സീസൺ മുതൽ ഈ പദ്ധതി നിലവിൽവന്നു.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly